## പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:** 2102 **01.02.2018**-ൽ മറുപടിക്ക്

### തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിൽ ആരോഗ്യവകുപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഒ. ആർ. കേളു** | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**<br>(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | മാനന്തവാടി മണ്ഡലത്തിലെ തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിൽ ആരോഗ്യവകുപ്പ് ഏറ്റെടുത്തിരിക്കുന്ന 75 ഏക്കർ സ്ഥലത്ത് ഏതെങ്കിലും തരത്തിലുള്ള പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) & ബി) | വയനാട് ജില്ലയിൽ പേര്യ വില്ലേജിൽ M/s ഗ്ലെൻ ലവൻ എസ്റ്റേറ്റിന്റെ ഉടമസ്ഥതയിലുള്ള 242.50 ഏക്കർ ഭൂമിയിൽനിന്നും 75 ഏക്കർ ഭൂമി ആരോഗ്യവകുപ്പിനുവേണ്ടി ഏറ്റെടുത്ത് കൈമാറിയിട്ടുള്ളതാണ്. ഈ സ്ഥലത്ത് നബാർഡ് Tranche XXI ൽ ഉൾപ്പെടുത്തി ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി സെന്റർ സ്ഥാപിക്കുന്നതിനായി GO(Rt)489/16/H&FWD, dated 15-12-16 പ്രകാരം 250 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>എസ്റ്റേറ്റ് അധികൃതർ, മേൽ സൂചിപ്പിച്ച 242.50 ഏക്കർ ഭൂമിയും, ഫെഡറൽ ബാങ്കിൽ 149.50 ലക്ഷം രൂപയ്ക്ക് പണയം വച്ചിട്ടുള്ളതാണ്. സർക്കാർ ഉത്തരവ് പ്രകാരം കഴിക്കൂറ്റുകളുടെ വിലയായി അനുവദിച്ച 1,90,21,000/- രൂപ ജില്ലാ കളക്ടറുടെ പേരിൽ മുട്ടിൽ, കനറാബാങ്കിൽ ഫിക്സഡ് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എസ്റ്റേറ്റ് അധികൃതർ ലോൺ തിരിച്ചടയ്ക്കാത്തതിനാൽ ഫെഡറൽ ബാങ്ക്, എറണാകുളം DRT കോടതിയിൽ OA 372/2012 നമ്പറായി കേസ് ഫയൽ ചെയ്തിട്ടുള്ളതും ഫിക്സഡ് ഡെപ്പോസിറ്റായി നിക്ഷേപിച്ചിട്ടുള്ള തുക മേൽ കേസ് വിധിയാകുന്നതുവരെ കക്ഷികൾക്ക് അനുവദിച്ച് നൽകരുത് എന്നാവശ്യപ്പെട്ട് കോടതിയിൽ IA 278/2017 പ്രകാരം ജില്ലാ കളക്ടറെ കൂടി പ്രതിചേർത്തിട്ടുണ്ട്.<br>പ്രസ്തുത കേസിൽ കോടതിയുടെ ഉത്തരവിന് വിധേയമായി മാത്രമേ തുടർനടപടികൾ സ്വീകരിക്കുകയുള്ളൂ എന്ന് 04/08/2017 -ന് ബഹു: എറണാകുളം DRT-1 കോടതിയിൽ കൗണ്ടർ ഫയൽ ചെയ്തിട്ടുള്ളതാണ്. കൂടാതെ പ്രസ്തുത കേസിൽ സർക്കാർ അനുവദിച്ചതന്ന തുക കക്ഷിക്ക് ഇതുവരെ നൽകിയിട്ടില്ല. നിലവിൽ കേസുകൾ നിലനിൽക്കുന്നതിനാൽ ഇപ്പോൾ തുടർനടപടികൾ സ്വീകരിക്കുന്നതിന് കഴിയുകയില്ല. |
| ബി) | ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**